ശ്രീ. ആർ. ശങ്കർ: പ്രത്യേകമായി അങ്ങനെ കമ്മിറ്റിയെ വച്ചിട്ടില്ല. ഡയറക്ടർ ആഫ് കൊളീജിയറ്റ് എഡ്യൂക്കേഷനാണ് ആവശ്യമായ നടപടികളും സ്വീകരിക്കുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ്: നിശ്ചിതയോഗ്യതയുള്ള, സ്കോളർഷിപ്പുകളുടെ എണ്ണത്തിൽ, കവിഞ്ഞിട്ടുള്ള വിദ്യാർത്ഥികളും ഉണ്ടാകുമ്പോൾ എന്താണ് അതിനു പ്രത്യേകമായ മാനദണ്ഡം സ്വീകരിക്കുക?

ശ്രീ. ആർ. ശങ്കർ: മാക്കിനെ അടിസ്ഥാനമാക്കിയാണ് നൽകുന്നത്. കൂടുതൽ യോഗ്യതയുള്ളവരുണ്ടെങ്കിൽ മെരിറ്റ് കൂടുതലുള്ളവർക്ക് കൊടുക്കാമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്.

ശ്രീ. മാലേത്തുഗോപിനാഥപിള്ള: വരുമാനം 6000 രൂപ എന്നുള്ളതു് അഖിലേൻഡ്യാടിസ്ഥാനത്തിൽ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് ഗവണ്മെൻറിനു് അതു് കുറയ്ക്കുന്നതിനു് പ്രയാസമാണെന്നു പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിൻറെ പ്രത്യേകമായ പരിതസ്ഥിതിയെ കണക്കിലെടുത്തുകൊണ്ട്, ഈ സംസ്ഥാനത്തിലെ ആളുകളുടെ വിചാരങ്ങളെ മാനിച്ചുകൊണ്ട് ഇതു് കുറയ്ക്കണമെന്നു് കേന്ദ്രഗവണ്മെൻറിൻറെ അടുക്കൽ നിവേദനം നടത്തുന്നതിനു് ഗവണ്മെൻറ് തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ: അഖിലേന്ത്യാടിസ്ഥാനത്തിലുള്ള ഈ കാര്യത്തിൽ കേന്ദ്രഗവണ്മെൻറിൻറെ അടുക്കൽ നിവേദനം നടത്താൻ പോകാതെ ഈ ഗവണ്മെൻറ് അതേമാതിരി ഒരു സ്കോളർഷിപ്പ് പദ്ധതി ഉണ്ടാക്കിയിട്ടുണ്ട്. അതിനും പണം മാറ്റിവച്ചിട്ടുണ്ട്. ആ പണം കൊടുക്കുമ്പോൾ കുറച്ചുകൂടി പാവപ്പെട്ടവർക്ക് കൊടുക്കാൻ വേണ്ട വ്യവസ്ഥ ചെയ്യാം.

ശ്രീ. എം. ഗോപാലൻകുട്ടിനായർ: ഈ സ്കോളർഷിപ്പ് അനുവദിച്ച കാര്യത്തിൽ മലബാർ പ്രദേശത്തെ വളരെയധികം അവഗണിച്ചതായി ചൂണ്ടിക്കാണിച്ചുകൊണ്ട് മാതൃഭൂമിപത്രം ഒരു എഡിറ്റോറിയൽ എഴുതിയതു് ഈ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: എഡിറ്റോറിയൽ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വളരെയേറെ കാളേജുകളിൽനിന്നു് അപേക്ഷകളും സമയത്തു ലഭിക്കേയുണ്ടായിട്ടില്ലെന്നു കാണുന്നു. കുറച്ചൊന്നുമല്ല, 49 സ്ഥാപനങ്ങളാം. അതിൽ എന്തെങ്കിലും പ്രാദേശികമായ വിവേചനമുള്ളതായി കാണുന്നില്ല. തിരുവിതാംകൂറിൽതന്നെ വളരെ പ്രധാനപ്പെട്ട കാളേജുകളിൽനിന്നു് അപേക്ഷകളും ലഭിക്കാനുള്ളതായി കാണുന്നു.

മത്സ്യവ്യവസായ സഹകരണസംഘങ്ങൾ

* 90. [5] ശ്രീ. പി. എസ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് എത്ര മത്സ്യവ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) മത്സ്യവ്യവസായ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഗവണ്മെൻറിൽനിന്നും ഏതെല്ലാം വിധത്തിലുള്ള സഹായങ്ങൾ ഈ സംഘങ്ങൾക്കു നൽകുന്നുണ്ടു്;

(സി) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഈ കാര്യത്തിനു എത്ര തുക വകയിരുത്തിയിട്ടുണ്ടു്;

(ഡി) അതിൽ ഇതുവരെ എത്ര ചെലവായിട്ടുണ്ടു്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു): (എ) 350.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓഹരിവാഷ്യ, ദീർഘകാലവാഷ്യ, മാനേജീറിയൽ ധനസഹായം നാടൻവള്ളങ്ങൾക്കു് സബ്സിഡി, യന്ത്രവൽകൃത ബോട്ടുകളിൽ പരിശീലനത്തിലും ബോട്ടുവിതരണത്തിലും നൈലോൺ വിതരണത്തിലും സംഘങ്ങൾക്കു് മൻഗണന എന്നീ സഹായങ്ങൾ നൽകിവരുന്നു.

(സി) വാഷ്യ, ഗ്രാൻറു് എന്നീ ഇനങ്ങളിൽ 10.02 ലക്ഷം രൂപയും സബ്ഡിസി ഇനത്തിൽ 30 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ടു്.

(ഡി) വാഷ്യ, ഗ്രാൻറു് എന്നീ ഇനങ്ങളിൽ 5,03,000 രൂപയും സബ്ഡിസി ഇനത്തിൽ 88,548 രൂപയും നാളിതുവരെ ചെലവായിട്ടുണ്ടു്.

ശ്രീ. പി. എസ്. കാത്തികേയൻ : ഈ സഹായം നൽകുന്നതിനുള്ള സംഖ്യ യഥാകാലം ഈ സഹകരണസംഘങ്ങൾക്കു് കൊടുക്കുന്നുണ്ടോ, അതു് അവർക്കു് ലഭിക്കുന്നുണ്ടോ ? ഇതേപ്പറ്റി അന്വേഷിക്കുവാൻ ഗവണ്മെൻറിനു് വല്ല മെഷിനറിയുമുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: കഴിഞ്ഞകൊല്ലം നീക്കിവച്ചിട്ടുള്ള സംഖ്യ കൊടുക്കാൻ സാധിച്ചിട്ടുണ്ടു്. വേറെ വല്ല തുകയും കൊടുക്കാതെ ബാക്കിയുണ്ടെങ്കിൽ അതേപ്പറ്റി പരിശോധിക്കാം.

ശ്രീ. കെ. ആർ. വിജയൻ: ഈ യന്ത്രവൽകൃത ബോട്ടുകൾ സഹകരണസംഘങ്ങൾക്കു് കൊടുക്കണമെന്നുള്ള നയം ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതായി കാണുന്നു. എത്ര സഹകരണസംഘങ്ങൾക്കു് യന്ത്രവൽകൃതബോട്ടുകൾ കൊടുത്തിട്ടുണ്ടെന്നു ഉദ്ദേശം പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു : മൊത്തത്തിൽ യന്ത്രവൽകൃതബോട്ടുകൾ സഹകരണസംഘങ്ങൾക്കു് കൊടുക്കണമെന്ന തീരുമാനം എടുത്തിട്ടില്ല. സംസ്ഥാനവ്യാപകമായി കുറെ ആളുകൾ സഹകരണസംഘങ്ങളിൽ വന്നുചേർന്നിട്ടില്ലാത്തതുകൊണ്ടു് ചില പ്രത്യേക സ്ഥലങ്ങളിൽ ഗ്രൂപ്പു് തിരിച്ചുകൊണ്ടു് കൊടുക്കുകയാണു് പതിവു്. എന്നാൽ ആറോളം സഹകരണസംഘങ്ങൾക്കു് ഈ കൊല്ലം ഇത്തരം യന്ത്രവൽകൃതബോട്ടുകൾ കൊടുക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടു്.

ശ്രീ. ടി. കൃഷ്ണൻ : നീണ്ടകര ഒരു സഹകരണസംഘത്തിൻറെ പേരിൽ കൊടുത്ത 39 ബോട്ടുകളിൽ എത്രയെണ്ണം 13 ബോട്ടുകൾ കെട്ടിയിട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞു. അതു് ഗവണ്മെൻറിൻറെ അറിവോടുകൂടിയാണോ, അതോ സംഘടന ചെയ്തിരിക്കുകയാണോ?

ശ്രീ. കെ. കുഞ്ഞമ്പു: അതു് ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്, ഡിപ്പാർട്ടുമെൻറു് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

പഞ്ചായത്തു് കമ്മിറ്റി

91. [6] † ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964 ജാനുവരി 1—ം നു- ഓരോ പഞ്ചായത്തിൻറെയും ചുമതലയുള്ള പുതിയ പഞ്ചായത്തു കമ്മിറ്റി ഏറെറടുത്തുവോ ;

(ബി) ഓരോ പഞ്ചായത്തിലും ഓരോ മരാമത്തു പണികൾ അതാതു പഞ്ചായത്തു പ്രസിഡൻറന്മാർ ഉൽഘാടനം ചെയ്യണമെന്നു് നേരത്തെ നിശ്ചയിച്ചിരുന്നോ ;

(സി) ഉണ്ടെങ്കിൽ ഓരോ പഞ്ചായത്തിലും ഉൽഘാടനം ചെയ്യപ്പെട്ട മരാമത്തു പണിയുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) ഏറെറടുത്തു.

(ബി) നിശ്ചയിച്ചിരുന്നു.

† Put by Shri . R. Balakrishna Pillai

LIBRARY ARCHIVES Kerala Legislative Assembly